# ചാലിയാറിൻ തീരത്തെ ഫാക്ടറികൾ

(രഞ്ജിത്, ബി.എ.മലയാളം രണ്ടാം വർഷം)

സിന്ധു നദീതടത്തിലാണ് ഭാരതസംസ്കാരം ഉടലെടുത്തതെങ്കിൽ ഫറോക്കിന്റെ സംസ്കാരം ചാലിയാറിന്റെ തീരത്തുനിന്നുമാണ്. അത് ഫാക്ടറികളിൽനിന്നുള്ള സൈറണിന്റെ തുടിപ്പുകളായിരുന്നു. പക്ഷെ, ഇന്നിവിടങ്ങളിൽ സൈറൺ മുഴങ്ങാറില്ല. ആധുനികതയുടെയും സ്വകാര്യവൽക്കരണ-ഉദാരവൽക്കരണ-ആഗോളവൽക്കരണ പ്രവർത്തനങ്ങളിലൂടെ ചാലിയാറിന്റെ തീരങ്ങളിൽ ഇന്ന് ഫാക്ടറികൾ അടച്ചുപൂട്ടപ്പെടുന്നു. ഇവിടെ മാറ്റപ്പെടുന്നത് ഫറോക്കിന്റെ സംസ്കാരമാണ്. ഇത് ജന്മം കൊടുക്കുന്നത് പട്ടിണികളുടെ നാളെകൾക്കും തൊഴിൽ രഹിതരായവരുടെ ഒരു പറ്റത്തിനുമാണ്.

ചാലിയാറിന്റെ തീരങ്ങളിൽ ഓട്, ഇഷ്ടിക, സ്റ്റീൽ, പ്ലൈവുഡ്, മെറ്റീരിയൽ എഞ്ചിനീയറിംഗ് തുടങ്ങിയ ഫാക്ടറികളാണ് പ്രവർത്തിക്കുന്നത്. 11 ഓടു ഫാക്ടറികളിൽ ഇന്ന് നാലെണ്ണം മാത്രമെ നിലനിൽക്കുന്നുള്ളൂ. നാലഞ്ചുവർഷം മുൻപ് ഇവയൊക്കെ ലാഭത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. എന്നാൽ ഇപ്പോൾ പ്രവർത്തിക്കുന്നവപോലും നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തുകയാണ്. ഇവയൊക്കെ കുറച്ചു വർഷങ്ങൾക്കുള്ളിൽതന്നെ പൂട്ടിപ്പോയേക്കാം.

വളരെയധികം ചെറുകിട എഞ്ചിനീയറിംഗ് കമ്പനികളുണ്ടായിരുന്ന ചാലിയാറിന്റെ തീരം ഇപ്പോൾ ശാരദാ മന്ദിരത്തുള്ള ഒരേയൊരു കമ്പനിക്കു മാത്രമാണ് സാക്ഷ്യം വഹിക്കുന്നത്. ഇന്ത്യയിലെതന്നെ മൂന്ന് വൻകിട കമ്പനികളിൽ ഒന്നായിരുന്ന സ്റ്റീൽ കോംപ്ലക്സ് ഇന്ന് തകർച്ചയുടെ വക്കിലാണ്. ഇതിനുള്ള പ്രധാന കാരണം സർക്കാരിന്റെ നയങ്ങളിലുള്ള പോരായ്മകളാണ്. ഇന്നിവിടെ തൊഴിലാളികളെ VRS നൽകി പിരിച്ചുവിടുകയാണ്. ആവശ്യത്തിന് തൊഴിലാളികളോ, വ്യക്തമായ പുത്തൻ പദ്ധതികളോ ഇന്നിവിടെയില്ലാത്തത് തകർച്ചയ്ക്കൊരു കാരണമാണ്. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് 18 കോടി രൂപ മുടക്കി പുത്തനുണർവ്വു വന്നു തുടങ്ങിയ കമ്പനി ഇന്ന് പുതിയ ഗ്രാന്റുകളും സബ്സിഡികളും ഗവൺമെന്റിൽനിന്നു ലഭിക്കാതെ അടച്ചുപൂട്ടലിന്റെ ഭീഷണിയിലാണ്.

ടൈൽ ഫാക്ടറികൾ ഇന്ന് ചാലിയാറിന്റെ തീരത്തുനിന്നും പൂർണ്ണമായി വിടപറഞ്ഞുകൊണ്ടിരിക്കുന്നു. ഇതിന്റെ പ്രധാന കാരണങ്ങളായി വിലയിരുത്തപ്പെടുന്നത് താഴെ പറയുന്ന കാരണങ്ങളാണ്.

1. **അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം.**
   അസംസ്കൃത വസ്തുവായ കളിമണ്ണ് ഇന്ന് ലഭ്യമല്ല. അതുകൊണ്ടുതന്നെ ടൈൽ ഫാക്ടറികൾക്ക് കുറഞ്ഞ നിരക്കിൽ ഉൽപാദനം നടത്താനോ സമയബന്ധിതമായി പൂർത്തിയാക്കാനോ കഴിയുന്നില്ല.
2. **മാർക്കറ്റിലെ മത്സരം.**
   ഇന്ന് കമ്പോളത്തിൽ പലതരം ഇനങ്ങൾ ലഭ്യമാണ്. അതിനാൽ തന്നെ ഇതുപോലുള്ള കമ്പനികൾക്ക് മത്സരിക്കേണ്ടത് ആഗോള കുത്തകകളോടാണ്.

പ്ലൈവുഡ് ഫാക്ടറികളുടെ എണ്ണം നൂറിലധികമായിരുന്നത് ഇന്ന് കാരാട് പ്രവർത്തിക്കുന്ന ഫറോക്ക് പ്ലൈവുഡ് മാത്രമായി ചുരുങ്ങി. ഇത് പൂട്ടാനുള്ള പ്രധാന കാരണങ്ങളാണ്.

1. **അസംസ്കൃത വസ്തുക്കളുടെ ക്ഷാമം.**
   പ്ലൈവുഡിനു വേണ്ട അസംസ്കൃത വസ്തുക്കളായ സോഫ്റ്റ് വുഡ് ഇന്ന് മാർക്കറ്റിൽ ലഭ്യമല്ല.
2. **കയറ്റിറക്കുമതി പ്രശ്നങ്ങൾ**
   പ്ലൈവുഡുകളുടെ ഇറക്കുമതി അമിതമായി തുടരുന്നതിനാലും മറ്റു ആഗോളതലത്തിലുള്ള പ്ലൈവുഡുകളോട് ഇവിടെ നിർമ്മിക്കുന്ന പ്ലൈവുഡുകൾക്ക് പിടി

ച്ചുനിൽക്കാനാവാത്തതും ഇത്തരം കമ്പനിയുടെ തകർച്ചയ്ക്ക് കാരണമായി.

### തീപ്പെട്ടിക്കമ്പനികൾ

തീപ്പെട്ടിക്കമ്പനികൾ ധാരാളമുണ്ടായിരുന്ന ചാലിയാറിന്റെ തീരത്ത് ഇപ്പോൾ പേരിന് മാത്രം രണ്ടോ മൂന്നോ ആയി ചുരുങ്ങി. ഇവ പൂട്ടാനുണ്ടായ പ്രധാന കാരണം ചെറുകിട കമ്പനികളെ സർക്കാർ അവഗണിക്കുന്നു എന്നതു തന്നെയാണ്.

ചാലിയാറിന്റെ തീരത്തുള്ള കമ്പനികളുടെ തകർച്ചക്ക് ഒരു കാരണം പ്രവർത്തനമാരംഭിച്ച് ഇന്നുവരെയായിട്ടും വികസനം മുരടിച്ച് ശോചനീയാവസ്ഥയിൽ കഴിയുന്ന ബേപ്പൂർ തുറമുഖമാണ്. തുറമുഖ വികസനം നടപ്പിലാക്കിയാൽതന്നെ നല്ലൊരളവുവരെ യാത്രാകൂലി കുറച്ച് ഇവിടുത്തെ ഫാക്ടറികൾക്ക് നിലനിൽക്കാനും പുതിയവയ്ക്ക് തുടക്കം കുറിക്കാനുമാവും.

ചാലിയാറിന്റെ തീരത്തുള്ള കമ്പനികളുടെ തകർച്ചക്ക് ഒരു കാരണം പ്രവർത്തനമാരംഭിച്ച് ഇന്നുവരെയായിട്ടും വികസനം മുരടിച്ച് ശോചനീയാവസ്ഥയിൽ കഴിയുന്ന ബേപ്പൂർ തുറമുഖമാണ്. തുറമുഖ വികസനം നടപ്പിലാക്കിയാൽതന്നെ നല്ലൊരളവുവരെ യാത്രാകൂലി കുറച്ച് ഇവിടുത്തെ ഫാക്ടറികൾക്ക് നിലനിൽക്കാനും പുതിയവയ്ക്ക് തുടക്കം കുറിക്കാനുമാവും.

ഇവിടുത്തെ ചെറുകിട കമ്പനികളിൽ പണിയെടുത്തിരുന്ന ധാരാളം സ്ത്രീകളടങ്ങുന്ന തൊഴിലാളികൾ ഇന്ന് അസംഘടിത മേഖലയിലേയ്ക്ക് നീങ്ങിയിരിക്കുന്നു. തന്മൂലം ആ മേഖലകളിൽപോലും തകർച്ച നേരിടേണ്ടിവരുന്നു.

പ്രതിസന്ധി നേരിടുന്ന കമ്പനികൾക്ക് തുടർച്ചയായി കുറച്ചുവർഷം ഗ്രാന്റുകളും സബ്സിഡികളും നൽകിയാൽ ഇന്നിവിടെ അവശേഷിക്കുന്ന കമ്പനികൾ ലാഭത്തിലേയ്ക്കുവരുമെന്നതിൽ സംശയമില്ല. ഇവിടെ സംഭവിച്ചത് നഷ്ടത്തിലായ കമ്പനികൾ നഷ്ടം നികത്താൻ സാമ്പത്തിക സഹായം ലഭിക്കാതെ തുടരെ തുടരെ നഷ്ടത്തിലാവുകയാണ് ചെയ്തത്. പകരം നഷ്ടത്തിലാകുന്ന വർഷം മുതലേ ശ്രദ്ധിക്കാനും സാമ്പത്തിക സഹായം നൽകാനും സർക്കാർ തയ്യാറാണെങ്കിൽ ഈ കമ്പനികളൊന്നും പൂട്ടേണ്ടിവരില്ല.

ഉത്തരവാദിത്വബോധമില്ലായ്മയും ഫാക്ടറികൾ ആധുനികമായി നവീകരിക്കുന്നതിലുള്ള പരാജയവും, സ്റ്റീൽ കോംപ്ലക്സ് പോലുള്ള കമ്പനികൾ പൂട്ടാൻ ഇടയായി. ഇതിന്റെ തൊട്ടടുത്ത് ലാഭത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്റ്റീൽ കമ്പനിയുമായി താരതമ്യപ്പെടുത്തിയാൽ തന്നെ ഉത്തരവാദപ്പെട്ടവരുടെ വിഡ്ഢിത്തരങ്ങൾ ഏതൊരു സാധാരണക്കാരനും മനസ്സിലാകും.

ഇവിടെ നമുക്കുവേണ്ടത് നിശ്ചയദാർഢ്യവും പുരോഗമനപരമായ കാഴ്ചപ്പാടും കമ്പനികളോടുള്ള ഉത്തരവാദിത്തബോധവും ഒപ്പം ഫാക്ടറികൾക്ക് നിലനിൽക്കണം, തൊഴിലാളികൾക്ക് തൊഴിൽ കിട്ടണം എന്നൊക്കെ ആഗ്രഹിച്ച് തൊഴിലാളികളുടെ കൂടെ നിൽക്കുന്ന ഒരു ഭരണസംവിധാനവുമാണ്.

പഠനം

# ഇശലുകളുടെ രാജാധിരാജൻ

മുഹമ്മദ് അനീസ് ചുക്കാൻ
(ബി.എസ്.സി. കെമിസ്ട്രി, രണ്ടാം വർഷം)

**ഏറനാട്ടിലെ** കൊണ്ടോട്ടിയിൽ ആലുങ്ങത്തണ്ടി തറവാട്ടിൽ ആര്യവൈദ്യൻ എന്നു പ്രശസ്തി നേടിയ ഉണ്ണി മുഹമ്മദ് വൈദ്യർക്ക്, കുഞ്ഞാമിന എന്ന സഹധർമ്മിണിയിൽ ആണ് ഇശലിന്റെ രാജാധിരാജൻ കൊണ്ടോട്ടിക്കാരൻ മഹാകവി മോയിൻകുട്ടി വൈദ്യർ ജനിച്ചത്. (1852–1892)

19-ാം നൂറ്റാണ്ടിന്റെ രണ്ടാംപകുതിയിൽ മലബാറിലെ സാമൂഹ്യജീവിതം അസ്വസ്ഥമായ ഒരു കാലത്താണ് അദ്ദേഹം ജനിച്ചത്. ബ്രിട്ടീഷുകാരോടും ജൻമിമാരോടും ഒരേസമയം പോരാടുന്ന ഒരു സമൂഹത്തിന്റെ തീച്ചൂളയിലേക്കാണ് കവി വന്നുപിറന്നത്. അറബി, മലയാളം, തമിഴ്, സംസ്കൃതം തുടങ്ങിയ ബഹുവർണ്ണ മാതൃകകൾ കൊണ്ടു സുന്ദരമാം ഇശലിൻമാല കോർത്ത് കൈരളിയുടെ മാറത്തു ചാർത്തി 112 വർഷങ്ങൾക്കു മുമ്പ് ആ കാവ്യവസന്തം പൊലിഞ്ഞ്പോയി.

വൈദ്യരുടെ കാലഘട്ടം വരെ ഭക്തിപരവും ആത്മീയവുമായ ചിന്തകളായിരുന്നു മാപ്പിളപ്പാട്ടുകളിൽ നിറഞ്ഞു നിന്നിരുന്നത്. എന്നാൽ വൈദ്യർ ചെറുപ്പകാലം മുതൽ ഈ ചിന്തകളിൽ നിന്നും വഴിമാറി ശൃംഖാര രസം തുളുമ്പുന്ന ഗാനങ്ങളും പ്രേമഗാനങ്ങളും എഴുതുവാനാണ് താൽപര്യം പ്രകടിപ്പിച്ചത്. വിപ്ലവകരമായ ഒരു മാറ്റമായിരുന്നു ഇത്. ഇതിനൊരുദാഹരണമാണ് 20-ാമത്തെ വയസ്സിൽ അദ്ദേഹം രചിച്ച ബദറുൽമുനീർ ഹുസനുൽ ജമാൽ എന്ന പ്രണയ കാവ്യം.

പിൽക്കാലത്ത് തന്റെ ചിന്ത ഇസ്ലാമിക ചരിത്രത്തിലേക്കും പടപ്പാട്ടിലേക്കും നീങ്ങി. ഇതിനുദാഹരണങ്ങളാണ് ഇരുപത്തിനാലാമത്തെ വയസ്സിൽ അദ്ദേഹം രചിച്ച ബദർ പടപ്പാട്ട്. ഇരുപത്തി ഏഴാമത്തെ വയസ്സിൽ അദ്ദേഹം രചിച്ച ഉഹ്ദ് പടപ്പാട്ട് തുടങ്ങിയവ ശൃംഖാരവും, അൽഭുതവും, വീരവും, ഹാസ്യവും, ഭയാനകവും എന്നുവേണ്ട എല്ലാ രസങ്ങളും നല്ല വിരുതോടെ കൈകാര്യം ചെയ്യുന്നതിൽ വൈദ്യർ പ്രകാശിപ്പിച്ചിട്ടുള്ള സാമർത്ഥ്യം തീർച്ചയായും രസികജനങ്ങളെ അത്ഭുതപ്പെടുത്തുന്നവയാണ്.

ഏതുരംഗവും ചിത്രീകരിക്കാൻ തക്ക നിറപ്പകിട്ടിലുള്ള പദങ്ങളും വൃത്തവിന്യാസ വൈഭവങ്ങളും തികഞ്ഞ ആളായിരുന്നു വൈദ്യർ എന്ന് അദ്ദേഹത്തിന്റെ കൃതികൾ വിളിച്ച് പറയും. വൈദ്യരുടെ മലപ്പുറം പാട്ട് ചരിത്രപരമായ ഒരു വിശിഷ്ഠ കവിത എന്നപോലെ തന്നെ ആ പ്രദേശത്തെ ഹിന്ദു-മുസ്ലിം ജനവിഭാഗങ്ങളുടെ മൈത്രിയെ പരിപോഷിപ്പിക്കുന്ന ഒരു ദേശീയ കൃതിയായും നമുക്ക് പരിഗണിക്കാവുന്നതാണ്.

*വൈദ്യരുടെ കാലഘട്ടം വരെ ഭക്തിപരവും ആത്മീയവുമായ ചിന്തകളായിരുന്നു മാപ്പിളപ്പാട്ടുകളിൽ നിറഞ്ഞുനിന്നിരുന്നത്. എന്നാൽ വൈദ്യർ ചെറുപ്പകാലം മുതൽ ഈ ചിന്തകളിൽ നിന്നും വഴിമാറി ശൃംഖാര രസം തുളുമ്പുന്ന ഗാനങ്ങളും പ്രേമഗാനങ്ങളും എഴുതുവാനാണ് താൽപര്യം പ്രകടിപ്പിച്ചത്.*

മാപ്പിളസാഹിത്യത്തിലും അതുവഴി മലയാളസാഹിത്യത്തിനും അത്ഭുതകരമായ സംഭാവന നൽകിയ ഒരു കവി എന്ന നിലക്ക് സിദ്ധിച്ച മേൻമ മോയിൻകുട്ടി വൈദ്യരുടെ ജീവിതത്തിലും കൃതികളിലും പ്രതിഫലിച്ച് കാണാം. മലയാള സഹൃദയലോകത്തിനു വൈദ്യരെ കുറിച്ചാകട്ടെ, അദ്ദേഹത്തിന്റെ കൃതികളെക്കുറിച്ചാകട്ടെ പറയത്തക്ക വിധത്തിൽ അറിവ് ഒന്നും ഇല്ല എന്നതാണ് വസ്തുത. സാഹിത്യവൈഭവംകൊണ്ട് മോയിൻകുട്ടി വൈദ്യർ നമ്മുടെ സാഹിത്യത്തിൽ സമുന്നത സ്ഥാനം അർഹിക്കുന്നു എന്നത് നിസ്സംശയകരമായ ഒരു കാര്യമാണ്. ❖

# Lakshadweep at a glance


**NISAMUDHEEN M.B.**
III B.Sc. CS

**AZEEZ UR RAHMAN**
III B.Com.


**THE** ENCHANTING CORAL ISLANDS IN THE ARABIAN SEA, CONSTITUTING THE SMALLEST UNION TERRITORY IN INDIA, WERE CALLED AS LACCADIVES OR LAKSHADWEEP. The territory was officially named Lakshadweep only from 1st November 1973. It is probably from the fact that it lies directly in the trade route that its name is derived. These islands were a landmark for navigators during the days of sailing ships and that was probably the reason why they were known as Lakshadweep. Kavaratti is the headquarters of the U.T. Administration.


## LOCATION, AREA & POPULATION

The islands are irregularly scattered in the Arabian Sea between $8^0$ and $12^0 30'$ north latitude and between $71^0$ and $74^0$ east longitude. There are in all 36 islands only 10 islands are inhabited, Which are away from Kozhikode by about 200 to 400 Kilometers. Other islands are small and exist as satellites of the inhabited islands.

These islands cover a geographical area of 32 Sq. Km with a populatioin of 60590 according to the 2001 census. Decade growth rate from 1991 to 2001 is 14.12% with sex ratio 1000 males and 1057 females.

## LANGUAGE

According to the 1971 census, 10 languages specified in the eight schedule of the constitution of India are spoken in the Union Territory as mother tongue. Of these 10 languages, Malayalam is predominant and is spoken as the mother tongue by 84% of the total population.




Malayalam is the mother tongue of the local people except those in Minicoy who speak the Mahl language. Those who have languages other than Malayalam and Mahl as their mother tongue are negligible. Mahl, the language spoken by the people of Minicoy, is the language of Maldives. It has the script of its own which is written from right to left as in the case of Arabic. The alphabets of the language have 24 letters.

## EDUCATION

Education in the islands in earlier periods was confined to the teaching of 'Quran' and the elements of Islamic theology in religious schools attached to the Mosques. In these schools called *Madrasas*, the Malayalam language was also taught in Arabic script.


General education now includes education from the nursery to the University stage. There has been an enormous expansion of education after 1957. Till recently there was no University education in the territory and the students had to depend on mainland institutions for their higher education. After the inaguration of JN College in Kadmath and MG College in Androth, students got the opportunity to study upto Pre-degree (Plus Two) in the island. These colleges were affiliated to the Calicut University.

However, till now there were no facilities in the island for University education after the Plus Two stage. Arrangements are made by government to secure seats in the various institutions in the mainland for the students passing out from island schools and colleges and their expenses are met by government.

By the passage of decades the graph showing the literacy rate of the islands goes up. According to 2001 census the literacy rate is 87. 52%

## PLACES OF INTEREST.

Bangram, Minicoy, Kadmat, Kalpeni & Kavaratti were the important places of interest in the Lakshadweep. The uninhabited island near Agatti called Bangaram is a bewitchingly beautiful and breathtaking island in the territory that has been ranked among the best greenary of the world. A shallow lagoon enclosed by coral reef surrounds it. Minicoy is the southern most island, crescent shaped and has one of the largest lagoons. Viringili is the small island that can be seen on the south has an excellent view. The Lighthouse of the island is



one of the oldest and was constructed under the British government in 1885. Kadmat has a very large lagoon on the western side with abundant coral growth. Long sandy beaches and excellent water sport facilities are the stellar attractions here. The scuba diving centre in the island has become an attraction for water - sport enthusiasts. Kalpeni is known for its scenic beauty and the small island called Tilakkam and Pitti and an uninhabited island on the north called Cheriyam. The beautiful calm lagoon of Kavaratti forms and ideal spot for water sport, swimming and basking on warm sandy beaches. The Dolphin dive center is another attraction for water sports enthusiasts here.

# മാറാട്, അന്നും ഇന്നും

നിഷിത മുഹമ്മദ് (ബി.കോം, ഒന്നാം വർഷം)

2003 മെയ് മാസം കേരള സമൂഹത്തിന്റെ മനഃസാക്ഷിയെ നടുക്കുന്ന ഒരു ദുരന്തം സമ്മാനിച്ചുകൊണ്ടാണ് കടന്നുപോയത്- മാറാട് കലാപം. 2002ൽ നടന്ന കലാപത്തിന്റെ തുടർച്ചയാണിതെന്ന് പറഞ്ഞ് ഇതിന്റെ യഥാർത്ഥ കാരണങ്ങളെ നിസ്സാരവൽക്കരിക്കാൻ ചിലർ ശ്രമിക്കുന്നുണ്ട്. എന്നാൽ കൂടുതൽ അന്വേഷണങ്ങളും ചർച്ചകളും മനശാസ്ത്ര വിശകലനങ്ങളും ആവശ്യമായ അത്യന്തം പ്രക്ഷുബ്ദമായ ഒരു വിഷയമാണിത്.

ഭൂരിപക്ഷ വർഗ്ഗീയതയും ന്യൂനപക്ഷ വർഗ്ഗീയതയും കൊമ്പുകോർക്കുന്ന ഒരവസ്ഥയാണ് നാം മാറാട് പ്രദേശത്ത് കണ്ടത്. ചെറിയ ഒരു വാക്ക് തർക്കത്തിൽ തുടങ്ങിയ പ്രശ്നം ഒന്നാം മാറാട് സൃഷ്ടിച്ചുവെങ്കിൽ, നാം മനസ്സിലാക്കേണ്ടത് കലാപത്തിന് എത്രയോ മുൻപുതന്നെ മാറാട് പ്രദേശത്ത് വർഗ്ഗീയ ചേരിതിരിവ് ശക്തമായിരുന്നു എന്നതാണ്. തൊണ്ണൂറുകളുടെ ആദ്യത്തിൽ രൂപപ്പെട്ട അവിശുദ്ധ രാഷ്ട്രീയ കൂട്ടുകെട്ട് ബേപ്പൂർ മണ്ഡലത്തിന്റെ പല ഭാഗത്തും ശക്തമായിരുന്നു. എന്നാൽ ഇതിൽനിന്നും മാറി രണ്ടായിരാമാണ്ടായപ്പോഴേയ്ക്കും മതവർഗ്ഗീയത ശക്തിപ്പെടുകയും ജനങ്ങൾക്കിടയിൽ വിഭാഗീയതയുടെ ഒരു വലിയ ചേരിതിരിവ് സൃഷ്ടിക്കപ്പെടുകയും ചെയ്തു.

## മാറാട് കലാപം (ഒന്ന്):

2002 ആദ്യമാസത്തിൽ നടന്ന കലാപം യഥാർത്ഥത്തിൽ പെട്ടെന്നുണ്ടായ പ്രകോപനത്തിന്റെ ഫലമായിരുന്നെന്ന് വിശ്വസിക്കുക പ്രയാസം. പേരു വെളിപ്പെടുത്താനാവാത്ത ഒരു മാറാട് നിവാസിയുടെ അഭിപ്രായത്തിൽ പുതുവത്സര ആഘോഷ പരിപാടിയുമായി ബന്ധപ്പെട്ട ഒരു ചെറിയ വിഷയം വർഗ്ഗീയവാദികൾക്ക് യഥാർത്ഥത്തിൽ കിട്ടിയ ഒരായുധമായിരുന്നുവത്രെ. ഈ അവസരം മുതലെടുക്കാൻവേണ്ടി അവസരത്തിനൊത്തുയർന്ന വർഗ്ഗീയ വിഘടന വാദികൾ ഈ സാഹചര്യം മുതലെടുക്കുകയും ചെയ്തു. അഞ്ചു മനുഷ്യജീവൻ പൊലിഞ്ഞ ഈ കലാപത്തിന്റെ വിചാരണയും അന്വേഷണവും സർക്കാർ അറിഞ്ഞോ അറിയാതെയോ വൈകിച്ചു. അതിന്റെ ഫലമായി കൊല്ലപ്പെട്ടവരുടെ ബന്ധുമിത്രാദികളുടെ ഉള്ളിൽ വളർന്നുവന്ന വിദ്വേഷവും പകയും നിരാശയും ഇതെല്ലാമാണ് ഏകപക്ഷീയമായ രണ്ടാം മാറാട് കലാപത്തിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.


## മാറാട് കലാപം (രണ്ട്):

2003 മെയ് മാസത്തിൽ നടന്ന മാറാട് കലാപം സമൂഹ മനഃസാക്ഷിയെ ഞെട്ടിക്കുന്നതായിരുന്നു. തികച്ചും ഏകപക്ഷീയമായ ഈ കലാപത്തിൽ 9 മനുഷ്യജീവൻ നഷ്ടപ്പെട്ടു. കേരളത്തിലെ പുകൾപെറ്റ ഇന്റലിജൻസും മറ്റും ഇതിന്റെ തയ്യാറെടുപ്പുകൾ അറിഞ്ഞതേയില്ല. വളരെ ചെറിയ സമയംകൊണ്ടുതന്നെ തങ്ങളുടെ ഓപ്പറേഷൻ പൂർത്തയാക്കിയ അക്രമകാരികൾ ഈ കാര്യത്തിൽ മുൻപരിശീലനം ലഭിച്ചവരാണെന്ന് പൊതുവെ വിലയിരുത്തപ്പെടുന്നു. ഒരു വിഭാഗത്തിൽപെട്ട ആളുകളുടെ മാത്രം താൽപര്യം കാരണം കേരളത്തിനു നഷ്ടപ്പെട്ടത് ഇവിടുത്തെ മത സൗഹാർദ്ദ അന്തരീക്ഷമാണ്. നാം വേദനയോടെ സ്മരിക്കുന്ന ആ സമാധാനാന്തരീക്ഷം...

## അനന്തരഫലങ്ങൾ:

രണ്ടാം മാറാട് പതിവിനു വിപരീതമായി ഒരു വിഭാഗത്തിനുമാത്രമാണ് നഷ്ടങ്ങൾ സമ്മാനിച്ചത്. എന്നാൽ ഇതിനെത്തുടർന്നുവന്ന നിലപാടുകൾ ജനാധിപത്യത്തിനു നിരക്കുന്നതായിരുന്നില്ല. മാറാടു പ്രദേശത്തു നിന്നും ന്യൂനപക്ഷങ്ങളെ ഭയചകിതരാക്കി പിന്മാറാൻ നിർബന്ധിക്കുകയും അതുവഴി ആ പ്രദേശത്തിന്റെ നിയന്ത്രണം ഭൂരിപക്ഷ ഹിന്ദുതീവ്രവാദികൾ കൈയടക്കുകയും ചെയ്തു. മാറാട് കലാപങ്ങൾ അപലപിക്കേണ്ടതു തന്നെ. എന്നാൽ അതിനെത്തുടർന്ന് രാഷ്ട്രീയ മുതലെടുപ്പ് നടത്താൻ ശ്രമിച്ചത് തികച്ചും അപലപനീയം തന്നെ! സംഘ്പരിവാറിന്റെ ഭീഷണിക്കുവഴങ്ങി ഭരണാധികാരികൾ അവർക്കനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തു. ഫലമോ, ആട്ടിയോടിക്കപ്പെട്ടവരായി, സ്വന്തം നാടിന്റെ മണ്ണിൽ അന്തിയുറങ്ങാൻപോലും പറ്റാതെ അഭയാർത്ഥി

**ചെറിയ ഒരു വാക്ക് തർക്കത്തിൽ തുടങ്ങിയ പ്രശ്നം ഒന്നാം മാറാട് സൃഷ്ടിച്ചുവെങ്കിൽ, നാം മനസ്സിലാക്കേണ്ടത് കലാപത്തിന് എത്രയോ മുൻപുതന്നെ മാറാട് പ്രദേശത്ത് വർഗ്ഗീയ ചേരിതിരിവ് ശക്തമായിരുന്നു എന്നതാണ്.**



ക്യാമ്പുകളിൽ അഭയം പ്രാപിക്കേണ്ടിവരികയും വന്നു- അവിടുത്തെ ന്യൂനപക്ഷങ്ങൾക്ക്.

മുസ്ലിം യുവാക്കൾക്കിടയിൽ തീവ്രവാദ ചിന്തകൾ കനപ്പെട്ടു തുടങ്ങുകയും അക്രമണത്തിനും പ്രത്യാക്രമണത്തിനും അവർ തയ്യാറെടുക്കുകയും ചെയ്യുന്നത് കേരളത്തിന്റെ മതസൗഹാർദ്ദത്തിന് കളങ്കം ചാർത്തി. ഹിന്ദുമതവും ഇസ്ലാമതവും ഒന്നും തന്നെ തീവ്രവാദത്തെയും വിഘടനവാദത്തെയും പിൻതുണയ്ക്കുന്നില്ലെന്നിരിക്കെ, ഇത്തരക്കാർ ഏതു മതസ്ഥരാണെന്ന് മനസ്സിലാക്കുക പ്രയാസം. മതേതര പ്രസ്ഥാനങ്ങൾക്കുപോലും ഇത്തരം പ്രവർത്തനങ്ങളെ പൂർണ്ണമായും നിയന്ത്രിക്കാനാവുന്നില്ലെന്നത് പരിശോധിക്കപ്പെടേണ്ട വസ്തുതയാണ്.

### പോലീസ് നടപടികൾ:

മാറാട് കലാപം 'ഒരുപരിധിവരെ' പോലീസിന്റെ ഇടപെടൽമൂലം നിയന്ത്രണവിധേയമാക്കുകയുണ്ടായി. കലാപം പൊട്ടിപ്പുറപ്പെട്ട ഉടനെത്തന്നെ അത് അടിച്ചമർത്താൻ പോലീസിന് കഴിഞ്ഞു. എന്നാൽ, അതിനുശേഷം മൂന്നു മാസം ആ പ്രദേശം മുഴുവൻ സംഘ്പരിവാറിന്റെ നിയന്ത്രണത്തിൽ വിട്ടുകൊടുത്തുകൊണ്ട് കേരള പോലീസ് പ്രബുദ്ധ ജനങ്ങളെ ഞെട്ടിച്ചു! നാട്ടിൽ സമാധാനാന്തരീക്ഷം തകർക്കാൻ ശ്രമിക്കുന്നവർക്കെതിരെ പോലീസ് തികഞ്ഞ മൗനം പാലിച്ചു. എന്നാൽ കേസന്വേഷണം പെട്ടെന്ന് പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കാൻ കഴിഞ്ഞത് പോലീസിന്റെ വിജയം തന്നെ.

മാറാട് കലാപത്തെക്കുറിച്ചുള്ള ജുഡീഷ്യൽ അന്വേഷണം ഇഴഞ്ഞുനീങ്ങുകയാണ്. സി.ബി.ഐ. അന്വേഷണത്തിന് സമരം നടത്തിയവർ വൻതോതിൽ നഷ്ടപരിഹാരം വാങ്ങി (ഇത് പരേതാത്മാക്കളോടുള്ള അവഹേളനമല്ല) ഇപ്പോൾ ആ ആവശ്യവും ഉന്നയിക്കുന്നില്ല. കേരളത്തിൽ ഇന്നുവരെ കമ്മീഷൻ റിപ്പോർട്ടുകൾ നടപ്പിലാക്കാൻ ഗവണ്മെന്റുകൾ ആർജ്ജവം കാണിക്കാറില്ല. മാറാട് കേസിലും ഇതുതന്നെ നടക്കുമെന്നുവേണം കരുതാൻ.

എന്നാൽ ഇത്തരം കലാപങ്ങൾക്ക് നേതൃത്വം നൽകിയവരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കേണ്ടതാണ്. സമൂഹത്തിൽ എത്ര ഉന്നതരായാലും ഇത്തരക്കാരെ വെറുതെ വിടാൻ പാടില്ല. കേരളത്തിന്റെ മനഃസാക്ഷിക്ക് മാറാടേൽപിച്ച കളങ്കം ശക്തമായ ഇത്തരം നടപടികളിലൂടെ ഒരു പരിധിവരെ മായിക്കാനാവുമെന്ന് പ്രതീക്ഷിക്കാം.

എത്രയായാലും മാറാട് ഏൽപിച്ച അനന്തരഫലങ്ങൾ അത്യന്തം ഗഹനമാണ്. കേരളത്തിലെ രണ്ടു പ്രധാനപ്പെട്ട മതത്തിൽ നിഷ്പക്ഷരായ ആളുകൾപോലും രണ്ടു ചേരിയിൽ അണിനിരന്ന അവസ്ഥ ദുഃഖകരം തന്നെ. 'മാറാട്' മാറാടിൽമാത്രം ഒതുങ്ങുന്നില്ല. ഗുജറാത്ത് കലാപം ഇന്ത്യൻ ജനതയ്ക്ക് ഏൽപിച്ച ആഘാതം പോലെ മാറാട് കലാപം കേരളത്തിൽ മൊത്തം അലയൊലികൾ സൃഷ്ടിച്ചു. വരുന്ന തലമുറയെപ്പോലും ബാധിക്കുന്ന ഇത്തരം രാഷ്ട്രീയ മതസംഘട്ടനങ്ങൾ ഇനി ആവർത്തിക്കപ്പെട്ടുകൂടാ. അതിന് ഏറ്റവും അധികം ഉത്തരവാദിത്വമുള്ളത് ഇവിടുത്തെ മതേതര സംഘടനകൾക്കാണ്. കേരളത്തിൽ മതസൗഹാർദ്ദം പുലരാൻ ഇത്തരം സംഘടനകൾ അവസരത്തിനൊത്തുയരുമെന്ന് കേരള ജനത പ്രതീക്ഷിക്കുന്നു. ❖